സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

220 (4555) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തൽ/ടെന്റ് ലൈറ്റ് ആൻഡ് സൗണ്ട്/ഡെക്കറേഷൻ രംഗത്ത് പ്രവർത്തിക്കുന്നവർ ഒരു ക്ഷേമനിധിയിലും പെട്ടിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരെ 2010-ലെ കേരള സാംസ്കാരിക പ്രവർത്തക എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇവർക്ക് സാംസ്കാരിക ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) ഈ വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഒരു തീരുമാനവും സ്വീകരിക്കാതെ നീട്ടികൊണ്ടു പോകാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവർക്ക് നടപ്പിലാക്കിയ പദ്ധതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പന്തൽ, അലങ്കാരം, ശബ്ദവും വെളിച്ചവും എന്നീ രംഗത്ത് പ്രവർത്തിക്കുന്നവരെ 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ കലാ-സാംസ്കാരിക പ്രവർത്തകൻ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ആക്ട് വ്യവസ്ഥകൾ പ്രകാരം, ക്ഷേമനിധി അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ, അപേക്ഷകർ സാംസ്കാരിക പ്രവർത്തകൻ ആണെന്നുള്ളതിന് ബന്ധപ്പെട്ട അക്കാദമിയിൽനിന്നോ, ആക്ട് അനുശാസിക്കും പ്രകാരമുള്ള ട്രേഡ് ബോഡിയിൽ നിന്നോ ഒരു സർട്ടിഫിക്കറ്റ് അവശ്യം വേണ്ടതാണ്. പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ വിഭാഗത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ, മേൽ പ്രസ്താവിക്കപ്പെട്ട പ്രകാരമുള്ള ശിപാർശകൾ ലഭിച്ചിട്ടില്ല. അപേക്ഷകളിൽ ഇപ്രകാരമുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ, ക്ഷേമനിധി അംഗത്വത്തിനായി പരിഗണിക്കാനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly